പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4750 | 19.05.2017-ന് മറുപടിയ്ക്ക്

## വനത്തിലൂടെ ഒഴുകുന്ന നദിയിൽനിന്ന് മണൽ ഊറ്റി വിൽക്കാൻ നടപടി

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനത്തിലൂടെ ഒഴുകുന്ന നദിയുടെ ഭാഗങ്ങളിൽ നിന്ന് മണൽ ഊറ്റി വിൽക്കാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. മണൽ വാരുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയുള്ള തിരുവനന്തപുരം ഡിവിഷനു കീഴിലെ കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്നും നിയമാനുസരണം പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം മണൽ ശേഖരണം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഈ നടപടി നദികളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുമെന്നും വന്യജീവികൾക്കും പരിസ്ഥിതിക്കും വൻതോതിൽ കോട്ടമുണ്ടാക്കുമെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം വനം റേഞ്ചുകളിൽ നിന്നാണ് ഇപ്പോൾ മണൽ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | തിരുവനന്തപുരം ഡിവിഷനിൽ കുളത്തൂപ്പുഴ റെയിഞ്ചിന്റെ അധികാര പരിധിയിൽ കൂടി ഒഴുകുന്ന കല്ലട ആറിന്റെ മിൽപ്പാലം, ചോഴിയക്കോട് എന്നീ അംഗീകൃത കടവുകളിൽ നിന്ന് നിയമാനുസരണം മണൽ ശേഖരിക്കുവാനാണ് ആദ്യ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |
| (ഡി) | സംരക്ഷിത വനത്തിൽ ബാഹ്യ ഇടപെടലുകൾക്കും വനം കൊള്ളയ്ക്കും തന്നെ ഈ മണലൂറ്റ് വഴിവെക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി നിയമാനുസരണം വന സംരക്ഷണ സമിതി വഴി ശേഖരിക്കുന്ന മണൽ കുളത്തൂപ്പുഴയിലെ യാർഡിൽ സൂക്ഷിച്ച് അർഹരായ ഉപഭോക്താക്കൾക്ക് വനം വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ